**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2086** **30-09-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ ആശയങ്ങളും സാങ്കേതികവിദ്യയും വിപണിയിലെത്തുന്നത് സമ്പദ്‌വ്യവസ്ഥയ്ക്കും സേവനമേഖലയ്ക്കും പുതു ഊർജ്ജമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ സ്റ്റാർട്ടപ്പുകളും പരമ്പരാഗത വ്യവസായവും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുക എന്നതാണ് സ്റ്റാർട്ടപ്പ് മേഖലയിലെ പുതിയ പ്രവണത. സ്റ്റാർട്ടപ്പ് മേഖലയിലെ കേരളത്തിന്റെ വളർച്ച വ്യാവസായിക വികസനത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ ഐ), ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി), ഓട്ടോമേഷൻ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്താൻ കഴിയുന്നതിലൂടെ കേരളത്തിന്റെ വ്യാവസായിക ഉൽപാദനം വർദ്ധിപ്പിക്കുക മാത്രമല്ല ചെലവ് കുറയ്ക്കാനും ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിയും.<br><br>കൂടാതെ, ഫണ്ടിംഗിന്റെയും നിക്ഷേപത്തിന്റെയും കാര്യത്തിലും കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ഗണ്യമായ വളർച്ച കൈവരിച്ചു. നവസാങ്കേതികവിദ്യയിലൂന്നിയതും പുതുമയുള്ളതും സമൂഹത്തിലെ വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾക്കു മികച്ചതും കാര്യക്ഷമമായതുമായ പരിഹാരങ്ങളുമായി ഏഴായിരത്തിൽ പരം പുതുസംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. അതിലൂടെ എഴുപതിനായിരത്തിലധികം പേർക്ക് തൊഴിൽ ലഭിച്ചു. കഴിഞ്ഞ ഒൻപത് വർഷത്തിനുള്ളിൽ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നായി കേരളത്തിലെ സ്റ്റാർട്ടപ്പുകളിലേക്കായി 6,000 കോടിയോളം രൂപയുടെ നിക്ഷേപം കേരളത്തിലേക്കെത്തി. |
| (ബി) | ഐ. ടി. അധിഷ്ഠിത സ്റ്റാർട്ടപ്പുകളുടെ ഉല്പന്നവികസനത്തിന് സഹായകരമായ ഗവേഷണം നടത്തുവാനും ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകൾ സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ വിപണിയിലേക്ക് | (ബി) | ഉണ്ട്. സ്റ്റാർട്ടപ്പുകൾക്കായി ഉൽപ്പന്ന വികസനത്തിനും ഗവേഷണ വികസനത്തിനുമുള്ള ഗ്രാന്റുകൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. ഗവേഷണ സ്ഥാപനങ്ങളെയും സ്റ്റാർട്ടപ്പ് കമ്പനികളെയും സാങ്കേതികവിദ്യാ കൈമാറ്റത്തിനും വാണിജ്യവത്കരണത്തിനുമായി ബന്ധിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | റിസർച്ച് ഇന്നൊവേഷൻ നെറ്റ്‌വർക്ക്-കേരള (RINK) എന്നൊരു പദ്ധതിയും കേരള സ്റ്റാർട്ടപ്പ് മിഷനുണ്ട്. RINK വെബ്സൈറ്റിലൂടെ IT മേഖലയിൽ ഉൾപ്പടെയുള്ള ഗവേഷണ വികസന സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതികവിദ്യ വിവരങ്ങൾ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാണ്. RINK വഴി, വാണിജ്യപരമായി സാധ്യതയുള്ള സാങ്കേതികവിദ്യകൾ കൈമാറുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് വെർച്വൽ ഡെമോ ഡേകളും എക്സ്പോഷർ വിസിറ്റുകളും നടത്തുന്നു. ഐടി മേഖലയിലെ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതികവിദ്യകളും ഇതിൽ ഉൾപ്പെടുന്നു.<br><br>ഇതിന് പുറമേ സ്റ്റാർട്ടപ്പുകൾക്കായി ഉൽപ്പന്ന വികസനത്തിനും ഗവേഷണ വികസനത്തിനുമുള്ള ഗ്രാന്റുകൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, അഡ്വാൻസ്ഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഹ്യൂമൻ-കമ്പ്യൂട്ടർ ഇന്ററാക്ഷൻ, ഇമ്മേഴ്സീവ് ടെക്നോളജീസ് തുടങ്ങിയ ഡീപ്ടെക് മേഖലകളിൽ പ്രവർത്തിക്കുന്ന ഐടി അധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് ഈ ഗ്രാന്റുകൾ ഉപയോഗിച്ച് ഗവേഷണം നടത്തുവാനും നൂതന സാങ്കേതിക വിദ്യകളിൽ അധിഷ്ഠതമായ ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും സാധിക്കും. ഗവേഷണ വികസന സാധ്യതയുള്ള സ്റ്റാർട്ടപ്പുകൾക്ക് 30 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് R&D ഗ്രാന്റ്. ഡീപ് ടെക്, എമർജിംഗ് ടെക്നോളജീസ്, ഹാർഡ്‌വെയർ, ഡിഫൻസ്, മെഡ്ടെക്, ഇൻഡസ്ട്രിയൽ ആപ്ലിക്കേഷൻസ്, അഗ്രി-ഫുഡ് ടെക് തുടങ്ങിയ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റിന് അപേക്ഷിക്കാം.<br><br>രാജ്യത്തെ അംഗീകൃത ഗവേഷണ സ്ഥാപനത്തിൽ നിന്നും സാങ്കേതികവിദ്യ വാങ്ങി വാണിജ്യവൽക്കരിക്കാൻ സ്റ്റാർട്ടപ്പുകളെ പ്രോൽസാഹിപ്പിക്കുന്ന ധനസഹായ പദ്ധതിയാണ് ടെക്നോളജി ട്രാൻസ്ഫർ ആൻഡ് കൊമേർസലൈസേഷൻ സ്കീം. സാങ്കേതികവിദ്യ കൈമാറ്റത്തിന് ചെലവായ തുകയിൽ പരമാവധി പത്തുലക്ഷം രൂപ വരെയാണ് ഈ വിഭാഗത്തിൽ നൽകുന്ന ധനസഹായം. സാങ്കേതിക വിദ്യ വാങ്ങുന്ന ഘട്ടത്തിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് നൽകേണ്ടി വരുന്ന ഫീസ് 10 ലക്ഷത്തിൽ താഴെയാണെങ്കിൽ തുകയുടെ 90% വരെയായിരിക്കും തിരികെ ലഭിക്കുക. ഈ പദ്ധതി പ്രകാരം ഇതുവരെ, 4 |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പുകൾക്കായി 10,03,590 രൂപയുടെ ഫണ്ടിംഗ് ലഭ്യമാക്കിയിട്ടുണ്ട്.<br><br>സ്വയം വികസിപ്പിച്ച സാങ്കേതികവിദ്യകൾക്കും ഉൽപ്പന്നങ്ങൾക്കും പേറ്റന്റ് എടുക്കുമ്പോൾ ചെലവാകുന്ന തുക തിരികെ നൽകുന്നതാണ് പേറ്റന്റ് സപ്പോർട്ട് സ്കീം. വിദ്യാർത്ഥി സംരംഭകർക്ക് കൺസൽട്ടേഷൻ ഫീസ് ഉൾപ്പെടെയുള്ള പേറ്റന്റ് ചെലവ് തിരികെ നൽകുന്നു. വിദേശ പേറ്റന്റുകൾ നേടുന്നവർക്ക് 10 ലക്ഷം രൂപ വരെ തിരികെ ലഭിക്കും. ഫയലിങ്, പ്രോസിക്യൂഷൻ, പേറ്റൻറ് കരസ്ഥമാക്കൽ എന്നീ 3 ഘട്ടങ്ങളിലായാണ് റീഇംബേഴ്സ്മെന്റ് ലഭിക്കുക. |
| (സി) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ വിദ്യാർത്ഥി സംരംഭകരെ വാർത്തെടുക്കാനുള്ള പദ്ധതിയായി കോളേജുകൾ കേന്ദ്രീകരിച്ച് ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വിദ്യാർത്ഥി സംരംഭകരെ വാർത്തെടുക്കുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് ഇന്നവേഷൻ ആൻഡ് എൻടപ്രണർഷിപ്പ് ഡവലപ്മെൻറ് സെൻറർ (IEDC). എൻജിനീയറിംഗ്, മാനേജ്മന്റ്, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നൂതനമായ മേഖലകളിൽ ചുവടുവയ്ക്കാൻ സഹായിക്കുന്ന പദ്ധതിയാണിത്. നൂതനസാങ്കേതികവിദ്യ, ഉന്നതനിലവാരത്തിലുള്ള വിദഗ്ധോപദേശം, ആഗോള പരിചയസമ്പന്നത, ധനസഹായം എന്നിവ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതുവരെ കേരളത്തിൽ 557 ഇന്നവേഷൻ ആൻഡ് എൻടപ്രണർഷിപ്പ് ഡെവലപ് മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. മികച്ച ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി 'ഇന്നവേഷൻ ഗ്രാന്റ്' എന്ന പേരിൽ സാമ്പത്തിക സഹായവും സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നു. ആശയങ്ങളിൽ നിന്ന് ഉൽപ്പന്നമാതൃക തയ്യാറാക്കുന്നതിനും അവയെ പൂർണരൂപത്തിലുള്ള വ്യവസായമാക്കി മാറ്റാനുമുള്ള തുകയാണ് ഘട്ടം ഘട്ടമായി നൽകുന്ന ഇന്നവേഷൻ ഗ്രാന്റ്. ആശയ രൂപീകരണത്തിനും ഉൽപ്പന്ന മാതൃക വികസിപ്പിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ 'ഐഡിയ ഗ്രാന്റ്' ആയി നൽകുന്നു. |
| (ഡി) | പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ യുവജനങ്ങളെ സംരംഭകരും തൊഴിൽദാതാക്കളുമായി മാറ്റാൻ സ്റ്റാർട്ടപ് സിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. പട്ടികവർഗ (എസ്.ടി.) വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയാണ് സ്റ്റാർട്ടപ്പ് സിറ്റി. ഏതെങ്കിലും മേഖലയിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി കേരള സ്റ്റാർട്ടപ്പ് മിഷനും കേരള എംപവർമെൻറ് സൊസൈറ്റിയും (ഉന്നതി) സംയുക്തമായാണ് സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. ബി.ടെക്, എം.ബി.എ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ച പട്ടികവർഗ യുവാക്കൾ, തൊഴിൽരഹിതർ, യുവ സ്റ്റാർട്ടപ്പ് സംരംഭകർ, പട്ടികജാതി വികസന വകുപ്പ് സംഘടിപ്പിച്ച നൈപുണ്യ വികസന പരിപാടികളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തിയാക്കിയവർ എന്നിവർക്ക് പദ്ധതിയിൽ മുൻഗണന ലഭിക്കും.<br><br>എസ്.ടി വിഭാഗത്തിലെ സ്റ്റാർട്ടപ്പുകളെയും ബിസിനസുകളെയും പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിക്കുക, മികച്ച സംരംഭകരെ കണ്ടെത്തുക, സാങ്കേതിക സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ മെച്ചപ്പെടുത്തുക, സംരംഭങ്ങൾ ആരംഭിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ താത്പര്യമുള്ളവർക്ക് സഹായം ഉറപ്പ് വരുത്തുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ